"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ അർബൻ തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വിഹിതം വകയിരുത്തിയുള്ള പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1962/2026/LSGD തീയതി,തിരുവനന്തപുരം, 17-10-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം.1091/2026/LSGD; തീയതി 02.06.2026.
2. സ.ഉ.(സാധാ) നം.1248/2026/LSGD; തീയതി 06.07.2026.
3. സ.ഉ.(സാധാ) നം.1288/2026/LSGD; തീയതി 15.07.2026.
4. സ.ഉ.(സാധാ) നം.1812/2026/LSGD; തീയതി 26.09.2026.
5. സ.ഉ.(കൈ) നം.130/2026/LSGD; തീയതി 05.10.2026.

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം അവസരം നൽകുകയും, ആയതിന്റെ സമയപരിധി പലവുരു നീട്ടി നൽകുകയും ചെയ്തിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം 2026 ഒക്ടോബർ 10 വരെയാണ് വാർഷിക പദ്ധതി ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് അവസാനമായി സമയപരിധി നീട്ടി നൽകിയിരുന്നത്.

2. അർബൻ തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച പൊതുമാർഗ്ഗനിർദേശങ്ങൾ കേന്ദ്രധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചതിന് തുടർച്ചയായി, സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പതിനാറാം കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള നഗരഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ, പരാമർശം (5) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ നഗരഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഗ്രാന്റ് വിനിയോഗിച്ചുകൊണ്ട് ഏറ്റെടുത്ത പ്രൊജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് നഗരഭരണ സ്ഥാപനങ്ങൾക്ക് മതിയായ സമയം ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. പ്രസ്തുത സാഹചര്യത്തിൽ, പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുത്ത പ്രൊജക്ടുകൾ ഉൾപ്പെടുത്തി 2026-27 വാർഷിക പദ്ധതി പരിഷ്കരിച്ച്

ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനു നഗരഭരണ സ്ഥാപനങ്ങൾക്കുള്ള സമയപരിധി **2026 ഒക്ടോബർ 31** വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു. ഇതിന് ആവശ്യമായ സോഫ്റ്റ്‌വെയർ ക്രമീകരണം ഐ.കെ.എം. ഒരുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്.
6. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
7. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും.
10. എല്ലാ ജില്ലാ കളക്ടർമാർക്കും.
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്).
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
15. ഡയറക്ടർ ജനറൽ, കില.
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
19. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്.
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 17-10-2026
15:36:44

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.